


# ജനാധിപത്യവത്കരിച്ച ജനകീയ സമരത്തിലൂടെ പ്ലാച്ചിമടയിലെ നീതി നേടണം

ഡോ. നിസാർ അഹമ്മദ്

പ്ലാച്ചിമട സമരം വീണ്ടും ശക്തമായി ആരംഭിക്കാനൊരുങ്ങുമ്പോൾ ഒരിക്കൽ സമരത്തിലുണ്ടായിരുന്ന പിന്നീട് തൊഴിൽ ചെയ്യുന്നതിനും ജീവിതമാർഗ്ഗം തേടുന്നതിനുമായി പിരിഞ്ഞ് പോയ പ്രാദേശിക ജനവിഭാഗത്തെ വീണ്ടും സമരത്തിലേക്ക് കൊണ്ടുവരുന്നത് ധാർമ്മികമാണോ? പ്രായോഗികമാണോ? എന്ന ചോദ്യത്തെ നിങ്ങൾ അഭിമുഖീകരിക്കേണ്ടി വരും. നിരക്ഷരരായ ജനങ്ങളാണെങ്കിലും അവർക്ക് സമരം വിജയിപ്പിക്കുന്നതിനുള്ള രാഷ്ട്രീയ വിദ്യാഭ്യാസമുണ്ട്. അക്കാര്യത്തിൽ അവർ വളരെ capable ആണ്. നർമ്മദയിലും, ടെഹ്‌രിയിലും ഇന്ത്യയുടെ പല ഭാഗത്ത് നടന്ന സമരങ്ങളിലും പാർശ്വവത്കൃതരായ ആളുകളാണ് സജീവമായി സമരരംഗത്തുണ്ടായിരുന്നത്.

● ●

കോള നിരോധനം കൊണ്ട് പരിഹരിക്കാൻ കഴിയുന്നതല്ല പ്ലാച്ചിമട പ്രശ്നം. കോള കുടിക്കാതിരുന്നാൽ എല്ലാം പരിഹരിക്കപ്പെട്ടെന്ന് കരുതുന്നത് വിഡ്ഢിത്തമാണ്. കോള കുടിക്കാതിരുന്നാൽ പ്രശ്നം പരിഹരിക്കാൻ പറ്റില്ലെന്ന് നമ്മൾ കാണിച്ചിട്ടുമില്ല. കോള കുടിക്കുന്നതുമായി ബന്ധപ്പെട്ടാണ് സമരം ഫോക്കസ് ചെയ്യുന്നതെങ്കിൽ പ്ലാച്ചിമടയിൽ കോള കമ്പനിയുണ്ടാക്കിയ നഷ്ടം അതുകൊണ്ട് പരിഹരിക്കപ്പെട്ടില്ല. വൈകാരികമായ പ്രതികരണങ്ങൾക്ക് പകരം പ്രശ്നം പരിഹരിക്കപ്പെടുകയാണ് വേണ്ടത്.

● ●

പ്ലാച്ചിമട പ്രശ്നം ഉണ്ടാകാൻ കാരണമായ വികസന കാഴ്ചപ്പാട് ഭരണകൂടങ്ങൾ തിരുത്താനുള്ള സാധ്യതകൾ കുറഞ്ഞുവരികയാണ്. ക്ഷേമരാഷ്ട്രം എന്ന സങ്കല്പം മാറിക്കൊണ്ടിരിക്കുന്നു. ഇന്ന് ലിബറൽ എക്കോണമിയാണുള്ളത്. ലിബറൽ എക്കോണമിയുടെ പ്രധാന തത്വം ജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുക എന്നതല്ല, വ്യാവസായിക വികസന താൽപര്യങ്ങൾ ജനങ്ങളിലുണ്ടാക്കുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യമായി ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ ബാധ്യസ്ഥരല്ല. അവർ അതിന് സന്നദ്ധരുമല്ല. സ്വയം വികസിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒതുക്കുക മാത്രമാണ് സർക്കാരുകൾ

ചെയ്യുന്നത്. ഗവൺമെന്റിന്റെ ക്ഷേമ പ്രവർത്തനങ്ങൾ പലതും ഇലക്ഷനുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് സമ്പദ്‌വ്യവസ്ഥയെ സംരക്ഷിക്കുന്നതിന് ചിലപ്പോൾ സബ്സിഡി കൊടുക്കേണ്ടിവരും. ഈ സാഹചര്യത്തിലാണ് പുതിയ വ്യവസായ സംരംഭങ്ങളും പുതിയ ജീവിതങ്ങളും ഉണ്ടാക്കിയിട്ടുള്ള ആയ പ്രശ്നങ്ങളെ ജനങ്ങൾ തന്നെ നേരിടാൻ തുടങ്ങിയത്. പ്ലാച്ചിമടയിൽ സംഭവിച്ചത് അതാണ്. നിലവിലുള്ള രാഷ്ട്രീയ പാർട്ടികൾ ഇതിനെക്കുറിച്ചൊന്നും ബോധവാന്മാരല്ല. പരിഹാരങ്ങളന്വേഷിക്കുവാനുള്ള താൽപര്യം അവരുടെ ഭാഗത്ത് നിന്നുണ്ടാകുന്നില്ല. സർക്കാർ എന്ന് പറയുന്നത് രാഷ്ട്രീയ പാർട്ടികളാണ്. അവർക്ക് അവരുടെ അജണ്ട ഉണ്ട്. അധികാരത്തിലെത്തിയാൽ ആ രീതിയിലായിരിക്കും അവർ കാര്യങ്ങൾ നടത്തുന്നത്.


പാരിസ്ഥിതിക, വികസന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ യൂറോപ്പിൽ ഗ്രീൻ പാർട്ടിയുടെയും അമേരിക്കയിൽ ചില പാരിസ്ഥിതിക ലോബികളുടെയും ഭാഗത്ത് നിന്നുമുണ്ടായിട്ടുണ്ട്. എല്ലാ ഫാക്ടറികളിലും നിർമലിനീകരണ പ്ലാന്റുകൾ നിർബന്ധമാക്കുന്നതിന് അവരുടെ പ്രവർത്തനങ്ങൾ വഴിയൊരുക്കിയിട്ടുണ്ട്. സാമ്പത്തികവും വ്യാവസായികവുമായ നമ്മുടെ അവികസിതത അത്തരം ലോബിയിംഗ് ഇവിടെ നടക്കാതിരിക്കുന്നതിന് കാരണമാകുന്നു. ജനങ്ങൾക്ക് അനുകൂലമായ ലോബിയിംഗ് നമുക്കിടയിൽ വളരെ കുറവാണ്. സൈലന്റ് വാലി മൂവ്മെന്റിൽ പരിഷത്തിന് നല്ലരീതിയിൽ ലോബിയിംഗ് നടത്താൻ കഴിഞ്ഞിരുന്നു. നമ്മുടെ ജനകീയ സമരങ്ങൾ അധികാര കേന്ദ്രങ്ങളിൽ പ്രശ്നങ്ങളെ എത്തിക്കുന്നതിൽ ജനകീയ സമരപ്രവർത്തകർ താരമ്യേന ദുർബലരാണ്. നിലവിലുള്ള എല്ലാ രാഷ്ട്രീയ ഘടനകളിലും ലോബിയിംഗിനായിരിക്കും പ്രശ്നങ്ങൾ ശക്തമായി അധികാര കേന്ദ്രങ്ങളിൽ അവതരിപ്പിക്കാൻ കഴിയുന്നത്. പാർട്ടി അടിസ്ഥാനത്തിലുള്ള ലോബിയിംഗല്ല ജനകീയ പ്രശ്നങ്ങളിൽ നടക്കേണ്ടത്. ചില പ്രത്യേക വിഷയങ്ങളിൽ/പ്രശ്നങ്ങളിൽ താത്പര്യമുള്ള ഒരു കൂട്ടം ആളുകൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ വ്യക്തമായ ധാരണകളോടെ ഇത്തരം ലോബിയിംഗ് നടത്തേണ്ടത്. പക്ഷെ വ്യക്തമായ ധാരണകളില്ലെങ്കിൽ ഇത്തരം ശ്രമങ്ങൾകൊണ്ട് കാര്യമുണ്ടാകുന്നില്ല. ഇടപെട്ട ആളുകളുടെയും, സംഘടനകളുടെയും വ്യക്തിതയില്ലായ്മകൊണ്ടാണ് പ്ലാച്ചിമട പ്രശ്നം ജലചൂഷണത്തിന്റെ പ്രശ്നമായിമാത്രം അവതരിപ്പിക്കപ്പെടുന്നത്.

ആധുനിക ജനാധിപത്യത്തിന്റെ തുടക്കം തൊട്ടേ ലോബിയിംഗ് ജനാധിപത്യ സംവിധാനങ്ങൾക്കൊപ്പമുണ്ട്. ബൂർഷ്വാസികൾക്ക് ഭരണത്തിൽ സ്വാധീനം ചെലുത്താൻ വേണ്ടിയാണ് ഇതുണ്ടായത്. പിന്നീട് ജനാധിപത്യം വികസിച്ചു വന്നിടത്തെല്ലാം ലോബിയിംഗ് ഉണ്ടായി. ഇന്ത്യയിൽതന്നെ ഇത്രനാളും നിർണ്ണായകമായ തീരുമാനങ്ങളെല്ലാം ലോബികളെ ആശ്രയിച്ചാണ് ഗവൺമെന്റ് എടുത്തിരുന്നത്, എടുക്കുന്നത്. ജൂഡീഷ്യറിയിലും, ലെജിസ്ലേച്ചറിലും, എക്സിക്യൂട്ടീവിലും ജനങ്ങൾക്ക് access ഇല്ലാതെ വരുന്നതോടെ ആരും അവർ പറയുന്നത് കേൾക്കാതെയാകുന്നു. അങ്ങിനെ വരുമ്പോഴാണ് കാര്യങ്ങൾ ലോബിയിംഗിലേക്ക് നീങ്ങുന്നത്.

• •

പ്ലാച്ചിമട പ്രശ്നം പലപ്പോഴും ലളിതമായി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ലളിതമായി അവതരിപ്പിക്കപ്പെട്ട പ്രശ്നത്തിന് മുകളിൽ വളരെ വ്യക്തതയോടെ ചെയ്യേണ്ട സമരമാണിത്. പുറത്ത് നിന്നുള്ളവർ അതിനെ വളരെ confused ആക്കി. അതൊരു psychological mechanism പോലെ വരുന്നതാണ്. ശരിയായ പ്രശ്നങ്ങളെ നിരാകരിച്ചിട്ട് സാങ്കല്പിക കാര്യങ്ങൾക്കുവേണ്ടി, വ്യക്തമല്ലാത്ത കാര്യങ്ങൾക്ക് വേണ്ടിയാണ് പലരും പ്രവർത്തിക്കുന്നത്. ഈവിധം മിസ്റ്ററി സൃഷ്ടിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനാൽ സമരത്തിന് ലാളിത്യം പലപ്പോഴും നഷ്ടപ്പെട്ട് പോകുന്നു. അത്തരമൊരു തിരിച്ചറിവ് പ്രശ്നബാധിതർക്കും സമരപ്രവർത്തകർക്കും വേണം.

ഉദ്ദേശ്യം മനസ്സിലാക്കിയാകണം സമരം ചെയ്യേണ്ടത്. ജലം മലിനീകരിക്കപ്പെട്ടു എന്നതാണ് പ്ലാച്ചിമടക്കാർ ഉന്നയിച്ച പ്രധാന പ്രശ്നം. സമരത്തിലൂടെ അവിടെയുള്ളവർക്ക് എന്താണ് വേണ്ടതെന്ന് പൊതുസമൂഹം തിരിച്ചറിയണം. പ്രശ്നം പരിഹരിക്കപ്പെടുക എന്നതാണോ? അതോ മറ്റേതെങ്കിലും രീതിയിൽ universalise ചെയ്യുക എന്നതാണോ അവിടെയുള്ളവർക്ക് പ്രധാനം? പ്ലാച്ചിമടക്കാരുടെ പ്രശ്നത്തിന് എങ്ങിനെ പരിഹാരം കാണാം എന്നത് തന്നെയാണ് പ്രധാനം. അതുപോലെ ബഹുരാഷ്ട്ര കുത്തക വന്ന് പ്രശ്നങ്ങൾ സൃഷ്ടിച്ചു എന്നതാണോ സാമ്രാജ്യത്വമാണോ സമരത്തിന് പ്രധാന കാരണം എന്നും പ്രവർത്തകർ തിരിച്ചറിയണം. കമ്പനി നിൽക്കുന്ന പ്രത്യേക നെറ്റ്‌വർക്കിന് മുകളിൽ സ്വാധീനമില്ലെങ്കിൽ നമ്മൾ



എന്താണ് ചെയ്യേണ്ടത്? നീതി നടപ്പിലാക്കാനായി ശ്രമിക്കുകയാണ് വേണ്ടത്. അപ്പോൾ സമരത്തിന്റെ ലക്ഷ്യം കൂടുതൽ കേടില്ലാത്ത ഏറ്റവും ന്യായമായ രീതിയിൽ പരമാവധി നീതി (maximum justice) എങ്ങിനെ നേടിയെടുക്കുക എന്നതാണ്. ലോകത്തിന്റെ മുഴുവൻ പ്രശ്നങ്ങളുടെയും പരിഹാരം പ്ലാച്ചിമടയുടെ മുകളിൽ കെട്ടിവയ്ക്കരുത്. സാമൂഹിക പ്രസ്ഥാനങ്ങൾ ലോക്കൽ ആയ പ്രശ്നങ്ങളുടെ പരിഹാരത്തിന്റെ മുകളിൽ വലിയ കാരണങ്ങൾ കെട്ടിവയ്ക്കാറുണ്ട്. അതിനുപകരം മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ കടന്നെത്താത്ത മേഖലകളിൽ ചെന്ന് നിലവിലുള്ള സാമൂഹിക ഘടനയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അത് പരിഹരിക്കാനുള്ള ശ്രമങ്ങളാണ് സാമൂഹിക പ്രസ്ഥാനങ്ങൾ നടത്തേണ്ടത്.

പ്ലാച്ചിമടയിൽ കോളയ്ക്ക് നഷ്ടപരിഹാരം നൽകാൻ പറ്റുന്നില്ലെങ്കിൽ സർക്കാർ എന്തെങ്കിലും ചെയ്യേണ്ടതായുണ്ട്. സമരങ്ങളിൽക്കൂടി മാത്രമെ ഇത്തരം വിഭാഗങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്ന രീതിയിലേക്ക് സർക്കാരിന്റെ ഭാഗത്ത് നിന്നും നീക്കങ്ങൾ ഉണ്ടാകുകയുള്ളൂ. അതിന് സമരം ആവശ്യമാണ്. ജനകീയ സമരങ്ങളുടെ പ്രാധാന്യം അതാണ്.

ജനകീയ പ്രസ്ഥാനങ്ങളുടെ അപര്യാപ്തതയിൽ നിന്നാണ് പലപ്പോഴും അവരുടെ ഫോക്കസ് മാറിപ്പോകുന്നത്. പറയുന്ന ജനകീയത അവർക്കില്ലാത്തതുകൊണ്ടാകാം ഈവിധം സംഭവിക്കുന്നത്. ജനങ്ങളുടെ പിന്തുണ വേണ്ടത്ര നേടിയെടുക്കാൻ കഴിയാതിരുന്നാൽ ഫോക്കസ് മാറിപോകാറുണ്ട്.

പൊതു സ്വീകാര്യതയ്ക്കായി പ്രശ്നത്തിന് ആകർഷണീയത നൽകാൻ ബഹുരാഷ്ട്ര കുത്തകകൾ, ആഗോളവത്ക്കരണം, ജലജൂഷണം എന്നെല്ലാം പറയേണ്ടിവരും. സമരത്തിന്റെ ആവശ്യങ്ങൾ ശരിയായ രീതിയിലല്ല മാധ്യമങ്ങളിൽ അവതരിപ്പിക്കപ്പെടുന്നത്. സമരത്തിലേക്ക് മാധ്യമങ്ങൾ ക്ഷണിക്കപ്പെടുന്നതോടെ show business ഉണ്ടാകുന്നു. ഈ രീതിയിലെല്ലാമാണ് സമരത്തിന് പലപ്പോഴും പിന്തുണ ലഭിക്കുന്നത്. ഒരു കമ്പനി വരുകയും അവരുടെ പ്രവർത്തനം ആളുകളുടെ നിലനിൽപ്പിനെ ബാധിക്കുകയും ചെയ്യുന്ന അവസ്ഥ അതേ രീതിയിൽ അവതരിപ്പിക്കപ്പെട്ടാൽ സമൂഹത്തിന്റെ പിന്തുണ കിട്ടുമോ? genuine ആയ രീതിയിൽ ഇവിടെ പലപ്പോഴും കാര്യങ്ങൾ സാധിക്കാറില്ല. സാമൂഹിക പ്രസ്ഥാനങ്ങൾ കുറേക്കൂടി imaginative ആവുക എന്നതാണ് അതിന് പരിഹാരം. കഴിയാവുന്ന മാർഗ്ഗങ്ങളെല്ലാം അതിനായി ഉപയോഗിക്കുക.

നമുക്ക് ശക്തമായ ജനാധിപത്യ സംസ്കാരമില്ലാത്തതിനാലാണ് സാമൂഹിക പ്രസ്ഥാനങ്ങൾക്ക് പ്രശ്നങ്ങളെക്കുറിച്ച് വ്യക്തതയില്ലാതെയാകുന്നത്. ലോബിയിംഗ് വഴി കാര്യങ്ങൾ സാധ്യമാക്കുന്ന രാഷ്ട്രീയ സംസ്കാരമാണ് നമുക്കുള്ളത്. ശക്തമായ ജനാധിപത്യ സംസ്കാരമുണ്ടായിരുന്നെങ്കിൽ കോളകമ്പിനി പ്ലാച്ചിമടയിൽ വരില്ലായിരുന്നു. ജനാധിപത്യേതര രീതികൾ കേരളത്തിലെ എല്ലാ കാര്യങ്ങളിലുമുണ്ട്. സർക്കാർ നയങ്ങളെ എതിർക്കേണ്ടത് പ്രതിപക്ഷത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ് എന്ന് കരുതുന്നവരാണ് നമ്മുടെ രാഷ്ട്രീയക്കാർ. ആവശ്യമുള്ളത് അംഗീകരിക്കുക എന്നതാണ് പാർലിമെന്ററിയനിസം. കേരളത്തിൽ അതൊരിക്കലുമുണ്ടായിട്ടില്ല. ഇത്തരത്തിലുള്ള ജനാധിപത്യ സമൂഹത്തിന്റെ അഭാവത്തിൽ നിന്നാണ് സമരങ്ങൾ ഉണ്ടാകുന്നത്. അതുകൊണ്ടു തന്നെ ജനാധിപത്യത്തിലധിഷ്ഠിതമായ രാഷ്ട്രീയ സംസ്കാരമുണ്ടാക്കിയെടുക്കാൻ ജനകീയ സമരങ്ങൾക്ക് കഴിയണം. അത്തരമൊരു സംസ്കാരമല്ലാത്തതുകൊണ്ട് സമരത്തിന്റെ ലക്ഷ്യം കാണുന്നതിനൊപ്പം ജനാധിപത്യ രാഷ്ട്രീയ വിദ്യാഭ്യാസം പൊതുസമൂഹത്തിന് നൽകുക എന്ന അധിക ബാധ്യതകൂടി സാമൂഹിക പ്രസ്ഥാനങ്ങൾ ഏറ്റെടുക്കണം. അല്ലാത്തപക്ഷം ഇപ്പോഴത്തെ സംസ്കാരത്തിനുള്ളിൽ നിന്ന് സമരം ചെയ്താൽ ജനാധിപത്യ വിരുദ്ധമായ രീതികൾ ആ സമരത്തിലേക്ക് തീർച്ചയായും കടന്ന് കൂടും. ഒരു സിവിൽ സൊസൈറ്റി മുവ്മെന്റായി പ്ലാച്ചിമട സമരം ഉയർന്നു വന്നിട്ടുണ്ടെങ്കിലും പൂർണ്ണമായും ജനാധിപത്യപരമാകാൻ അത് ഇനിയും പ്രയത്നിക്കേണ്ടിയിരിക്കുന്നു.

തത്വശാസ്ത്ര വിഭാഗം
ശ്രീശങ്കര സംസ്കൃത സർവ്വകലാശാല, കാലടി

## പ്ലാച്ചിമട സമരം ഏഴാംവർഷത്തിലേക്ക്

**2002 ഏപ്രിൽ 22**
പ്ലാച്ചിമട സമരപന്തൽ
ഏപ്രിൽ 22 രാവിലെ 10മണിക്ക്
48 മണിക്കൂർ തുടർ ഉപവാസ പരിപാടി, ഉദ്ഘാടനം : ജസ്റ്റിസ് കെ.പി. രാധാകൃഷ്ണമേനോൻ
അഭിവാദ്യപ്രസംഗങ്ങൾ
പി. ചെന്നയ്യ, പി.സി. ജോർജ് എം. എൽ.എ, ഡോ. എ.കെ. രാമകൃഷ്ണൻ, സിസ്റ്റർ സീലിയ തുടങ്ങിയവർ.
സമരസമിതി പൊതുയോഗവും തുടർന്ന് കലാപരിപാടികളും
**ഏപ്രിൽ 24 വ്യാഴം**
ഐക്യദാർഢ്യ കൺവൻഷൻ പ്ലാച്ചിമടയിൽ 2 മണി
നന്ദലാൽ (മെഹദീഗഞ്ച്), മുക്ത ശ്രീവാസ്തവ, ഗബ്രിയേൽ ഡിട്രിച്ച്, കെ.പി. രാമനുണ്ണി, കെ. അജിത, ളാഹ ഗോപാലൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.കെ. കൊച്ച്, സി.ആർ. നീലകണ്ഠൻ, പി.എൻ. പ്രൊവിന്റ്, സോണി ബി. തെങ്ങമം, കെ.കൃഷ്ണൻകുട്ടി, ശോഭീന്ദ്രൻമാസ്റ്റർ, സണ്ണി കപിക്കാട് തുടങ്ങിയവർ പങ്കെടുക്കുന്നു. 5മണി
കോളക്കെതിരെ സാംസ്കാരിക ഉപരോധ പ്രഖ്യാപനം മേധാപട്കർ
**ഏപ്രിൽ 25 വെള്ളി**
വൈകീട്ട് 5.30ന് തൃശൂർ സ്വരാജ് റൗണ്ടിൽ കോള ബഹിഷ്കരണ ക്യാമ്പയിൻ മേധാപട്കർ, പ്രൊഫ.സാറാജോസഫ്, ഡോ. എം.പി. പരമേശ്വരൻ, പ്രൊഫ. കെ.ജി. ശങ്കരപ്പിള്ള തുടങ്ങിയവരും പരിസ്ഥിതി മനുഷ്യാവകാശ സംഘടനകൾ, സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകർ, വ്യാപാരി സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥി യുവജനനേതാക്കൾ തുടങ്ങിയവർ പങ്കെടുക്കുന്നു. തുടർന്ന് ജനകീയ തണ്ണീർപന്തൽ പ്രദർശനവും നാടൻപാട്ടുകളും.

ബന്ധങ്ങൾക്ക് : **വിളയോടി വേണുഗോപാൽ, 9946373475, എൻ.പി. ജോൺസൺ: 9447019546, മാരിമുത്തു : 09946412373.**